മാർക്കറ്റ്

27.75	↑	സെൻസെക്സ്	32186.41
13.75	↓	നിഫ്റ്റി	10079.30

സ്വർണം

പവൻ (8ഗ്രാം)	22,480
ഒരു ഗ്രാം	2810

വ്യാപാരികൾക്ക് 'ഈസിപേ' ആപ്പുമായി ഐ.സി.ഐ.സി.ഐ ബാങ്ക്

കൊച്ചി: കച്ചവടക്കാർക്കായി ഐ.സി.ഐ.സി.ഐ ബാങ്ക് 'ഈസിപേ' മൊബൈൽ ആപ്പ് അവതരിപ്പിച്ചു. ഉപഭോക്താക്കളിൽ നിന്ന് ഡിജിറ്റൽ മാർഗങ്ങളിലൂടെ പണം വാങ്ങാൻ കച്ചവടക്കാരെ സഹായിക്കുന്ന ആപ്പാണിത്. ഐ.സി.ഐ.സി.ഐ ബാങ്കിൽ കറന്റ് അക്കൗണ്ടുള്ള വ്യാപാരി, ബാങ്കിൽ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറുള്ള സ്മാർട്ട്ഫോണിലാണ് ആപ്പ് ഡൗൺലോഡ് ചെയ്യേണ്ടത്. ആപ്പ് ഉപയോഗിച്ച് പരിധിയില്ലാതെ പണം സ്വീകരിക്കാം. സേവനം സൗജന്യവുമാണ്.

ഉപഭോക്താക്കളിൽ നിന്ന് യു.പി.ഐ., ക്രെഡിറ്റ്/ഡെബിറ്റ് കാർഡ്, നെറ്റ് ബാങ്കിംഗ് തുടങ്ങിയ മാർഗങ്ങളിലൂടെ വ്യാപാരിക്ക് ഈസിപേ പ്രയോജനപ്പെടുത്തി പണം വാങ്ങാം. ഓരോ തവണയും വ്യാപാരി ആപ്പിലേക്ക് ലോഗിൻ ചെയ്യുമ്പോൾ എംപിൻ നൽകണം. വ്യാപാരിക്ക് പരമാവധി 30 ജീവനക്കാരെയും ഉപഭോക്താക്കളിൽ നിന്ന് പണം സ്വീകരിക്കാനായി ആപ്പുമായി രജിസ്റ്റർ ചെയ്യാം. ഇതിനകം 1.41 ലക്ഷം വ്യാപാരികൾ ആപ്പിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേരളത്തിൽ 2,300 വ്യാപാരികളും രജിസ്റ്റർ ചെയ്തു. രണ്ടര ലക്ഷത്തോളം വരുന്ന പി.ഒ.എസ് സംവിധാനത്തെ മറികടക്കുകയാണ് ഈസിപേയുടെ ലക്ഷ്യമെന്ന് ഐ.സി.ഐ.സി.ഐ ബാങ്കധികൃതർ പറഞ്ഞു.

പ്രാരംഭ ഓഹരി വില്പന

റെക്കാഡ് തുക ലക്ഷ്യമിട്ട് എസ്.ബി.ഐ ലൈഫ്

ന്യൂഡൽഹി: സ്റ്റേറ്റ് ബാങ്ക് ഒഫ് ഇന്ത്യയുടെ (എസ്.ബി.ഐ) കീഴിലുള്ള എസ്.ബി.ഐ ലൈഫിന്റെ പ്രാരംഭ ഓഹരി വില്പനയ്ക്ക് (ഐ.പി.ഒ) സെപ്തംബർ 20ന് തുടക്കമാകും. മൂന്ന് നാൾ നീളുന്ന ഐ.പി.ഒയിലൂടെ കഴിഞ്ഞ ഏഴ് വർഷത്തെ ഏറ്റവും ഉയർന്ന തുകയായ 8,400 കോടി രൂപയുടെ സമാഹരണമാണ് എസ്.ബി.ഐ ലൈഫ് ലക്ഷ്യമിടുന്നത്. പൊതുമേഖലാ കമ്പനിയായ കോൾ ഇന്ത്യ 2010ൽ സമാഹരിച്ച 15,500 കോടി രൂപയാണ് നിലവിലെ റെക്കാഡ്.

ഓഹരിയൊന്നിന് 685 - 700 രൂപാ വിലനിരക്കിൽ 12 കോടി ഓഹരികളാണ് വിറ്റഴിക്കുന്നത്. പത്തുരൂപയാണ് ഓഹരികളുടെ മുഖവില. കമ്പനിയുടെ 70.10 ശതമാനം ഓഹരികളും എസ്.ബി.ഐയുടെ കൈയിലാണ്. ബി.എൻ.ബി പാരിബാസ് കാർഡിഫിന് 26 ശതമാനം ഓഹരി പങ്കാളിത്തവുമുണ്ട്. എസ്.ബി.ഐ എട്ട് കോടി ഓഹരികളും ബി.എൻ.പി പാരിബാസ് കാർഡിഫ് നാല് കോടി ഓഹരികളുമാണ് വിറ്റഴിക്കുക. എസ്.ബി.ഐ ലൈഫിന്റെ ജീവനക്കാർക്ക് 68 രൂപ നിരക്കിൽ ഓഹരികൾ ലഭിക്കും.

ഇൻഷ്വറൻസ് രംഗത്തെ ഒരുപിടി കമ്പനികളുടെ പ്രാരംഭ ഓഹരി വില്പനയ്ക്കാണ് കളമൊരുങ്ങുന്നത്. 5,700 കോടി രൂപ ലക്ഷ്യമിട്ടുള്ള ഐ.സി.ഐ.സി.ഐ ലോംബാർഡിന്റെ ഐ.പി.ഒ ഈയാഴ്ച തന്നെയുണ്ടാകും. ഇന്ത്യയിലെ ഏക പൊതുമേഖലാ റീ - ഇൻഷ്വറൻസ് കമ്പനിയായ ജി.ഐ.സി റീയും പ്രാരംഭ ഓഹരി വല്പനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. 6,500 കോടി രൂപയാണ് ലക്ഷ്യം. മലയാളിയായ ആലീസ് ജി. വൈദ്യനാണ് ജി.ഐ.സി റീയുടെ ചെയർമാൻ കം മാനേജിംഗ് ഡയറക്ടർ.

കഴിഞ്ഞവർഷം ഓഹരി വിപണിയിൽ ലിസ്റ്റ് ചെയ്ത ഐ.സി.ഐ.സി.ഐ പ്രുഡൻഷ്യൽ ലൈഫാണ് ഇന്ത്യയിൽ ഐ.പി.ഒ നടത്തിയ ആദ്യ ഇൻഷ്വറൻസ് സ്ഥാപനം. കമ്പനി 6,057 കോടി രൂപ സമാഹരിച്ചു.

നന്തിലത്ത് ജി - മാർട്ട് ആനിവേഴ്സറി ഓഫർ സമ്മാനമായ റെനോ ക്വിഡ് കാറിന്റെ നറുക്കെടുപ്പ് മന്ത്രി മാത്യു ടി. തോമസ് നിർവഹിക്കുന്നു. ഗോപു നന്തിലത്ത് ഗ്രൂപ്പ് സി.ഇ.ഒ പി.എ. സുബൈർ, അഡ്മിനിസ്ട്രേറ്റീവ് മാനേജർ എൻ.പി. ജോയ്, ലോജിസ്റ്റിക്സ് ഹെഡ് രാജേഷ്, ബ്രാഞ്ച് മാനേജർ മനീഷ്, എൻ.ബി.എഫ് മാനേജർ മാർട്ടിൻ എന്നിവർ സമീപം.

ഹോംസോൾ തെയ്യംപാട്ടിൽ നാളെ കൊച്ചിയിൽ തുറക്കും

കൊച്ചി: വൈവിദ്ധ്യമാർന്ന ലൈഫ്സ്റ്റൈലുകൾക്കായി ഫർണിച്ചർ മാൾ തെയ്യംപാട്ടിൽ ഗ്രൂപ്പ് കൊച്ചിയിൽ തുറക്കുന്നു. 'ഹോം സോൾ തെയ്യംപാട്ടിൽ' എന്ന മാൾ ഇടപ്പള്ളി ലുലു മാളിന് സമീപം പത്തടിപ്പാലത്ത് ഏഴ് നിലകളിലായാണ് ആരംഭിക്കുന്നത്. എല്ലാ പ്രമുഖ ബ്രാൻഡുകളുടെയും ഫർണിച്ചർ ഹോം സോളിൽ ലഭിക്കും.

നാളെ രാവിലെ പത്തിന് മന്ത്രി കെ.ടി. ജലീൽ, മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി എന്നിവർ ചേർന്ന് ഹോം സോൾ ഉദ്ഘാടനം ചെയ്യും. ഓരോ നിലകളും ഓരോ പേരിലാണ് രൂപകല്പന ചെയ്യിരിക്കുന്നത്. ഒപ്യൂലൻസ പി.കെ. കുഞ്ഞാലിക്കുട്ടി എം.പിയും ഹോംവേൾഡ് മുൻമന്ത്രി വി.കെ. ഇബ്രാഹിംകുഞ്ഞ് എം.എൽ.എയും എൻഹാൻസ് ഒ. രാജഗോപാൽ എം.എൽ.എയും ക്രിയേറ്റർ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ആർക്കിടെക്ചർ കൊച്ചി കേന്ദ്രം ചെയർമാൻ വി.എൻ. രാമചന്ദ്രനും ഉദ്ഘാടനം ചെയ്യും.

വീടുകൾക്കും ഫ്ലാറ്റുകൾക്കും ഓഫീസുകൾക്കും ആവശ്യമായ ഫർണിച്ചറിന്റെ വൻശ്രേണി ഒരുക്കിയിട്ടുണ്ടെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ ഷാനിബ് ഷറഫുദ്ദീൻ പത്രസമ്മേളനത്തിൽ പറഞ്ഞു. ഗുണനിലവാരമുള്ള സാധാരണ ഫർണിച്ചർ മുതൽ ആഡംബര ഫർണിച്ചർ വരെ ഏവർക്കും സ്വീകാര്യമായ വിലയിൽ ലഭിക്കും. സ്വദേശ, വിദേശ ബ്രാൻഡുകളും ഒരുക്കിയിട്ടുണ്ട്. തെയ്യംപാട്ടിൽ ഗ്രൂപ്പ് ഇന്ധനം- ഊർജം,ജ്വലറി, റിയൽ എസ്റ്റേറ്റ്, ടയർ ചില്ലറ വില്പന മേഖലകളിലും പ്രവർത്തിക്കുന്നുണ്ട്. ഡയറക്ടർമാരായ അബ്ദു റഹിമാൻ സി.പി., നജാദ് അബ്ദു റഹിമാൻ, ജസീം പി.എസ്., സെയ്ത് മൊഹമ്മദ്, ദിലീപ്കുമാർ എന്നിവരും പത്രസമ്മേളനത്തിൽ പങ്കെടുത്തു.

ചെറുകിട വ്യവസായ ശാക്തീകരണ പദ്ധതിയുമായി കിറ്റ്കോ

കൊച്ചി: സംസ്ഥാനത്തെ ചെറുകിട വ്യവസായ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താൻ കിറ്റ്കോ 'എം.എസ്.എം.ഇ ഹാൻഡ് ഹോൾഡിംഗ് സർവീസ്' എന്ന പദ്ധതി തയ്യാറാക്കി. കൺസൾട്ടൻസി രംഗത്ത് കിറ്റ്കോ 45 വർഷം പൂർത്തിയാക്കുന്നതിന്റെ ഭാഗമായാണ് പദ്ധതിയെന്ന് മാനേജിംഗ് ഡയറക്ടർ സിറിയക് ഡേവിസ് പത്രസമ്മേളനത്തിൽ പറഞ്ഞു. മികച്ച നിലയിൽ പ്രവർത്തിക്കുന്ന ചെറുകിട വ്യവസായ സ്ഥാപനങ്ങളെ തിരഞ്ഞെടുത്ത് സ്റ്റോക്ക് എക്സ്ചേഞ്ചിൽ ലിസ്റ്റ് ചെയ്യാനാകുംവിധം ഉയർത്തും.

പരമ്പരാഗത വിപണിക്ക് പുറമേ, വിശാല വിപണിയിൽ മത്സരിക്കുന്ന തലത്തിലേക്ക് സ്ഥാപനത്തിന്റെ മത്സരക്ഷമത വർദ്ധിപ്പിക്കും. പുത്തൻ സാങ്കേതികവിദ്യകൾ ഇതിനായി ഉപയോഗപ്പെടുത്തണം. ഇതിനു കിറ്റ്കോ സഹായം നൽകും. പുതിയ സാമ്പത്തിക സ്രോതസുകൾ കണ്ടെത്താനും കിറ്റ്കോയുടെ സഹായമുണ്ടാകും. വെല്ലുവിളികൾ നേരിടാൻ ഓരോ സ്ഥാപനത്തിനും മാർഗ നിർദേശങ്ങളും നൽകുമെന്ന് അദ്ദേഹം പറഞ്ഞു. പദ്ധതിയുടെ ഉദ്ഘാടനം നാളെ വൈകിട്ട് ആറിന് എറണാകുളം ഹോട്ടൽ ക്രൗൺ പ്ലാസയിൽ മന്ത്രി എ.സി മൊയ്തീൻ നിർവഹിക്കും. പത്രസമ്മേളനത്തിൽ ജനറൽ മാനേജർ രജിത്ത് ടോമി, സീനിയർ കൺസൾട്ടന്റ് ഇ.വി. സജിത് കുമാർ എന്നിവരും പങ്കെടുത്തു.

ദയനയുടെ പുത്തൻ ബ്യൂട്ടികെയർ സോപ്പുകൾ വിപണിയിൽ

ചെന്നൈ: മുംബയ് ആസ്ഥാനമായുള്ള ആങ്കർ ഹെൽത്ത് ആൻഡ് ബ്യൂട്ടി കെയറിന്റെ പുത്തൻ ബ്യൂട്ടി സോപ്പുകൾ ബ്രാൻഡ് അംബാസഡറും ചലച്ചിത്ര താരവുമായ ശ്രദ്ധ കപൂർ വിപണിയിലിറക്കി.

ജാസ്മിൻ ആൻഡ് മിൽക്ക്, ലൈം, ആലൊവേര, മിൽക്ക് ക്രീം ആൻഡ് ആൽമണ്ട് ഓയിൽ, റോസ് ആൻഡ് മിൽക്ക് ക്രീം, സാൻഡൽ ആൻഡ് സാഫ്റോൺ, ലാവണ്ടർ ആൻഡ് മിൽക്ക് ക്രീം എന്നീ വേരിയന്റുകളിൽ ദയന സോപ്പ് ലഭിക്കും.

പുതിയ നറുമണവും പ്രകൃതിദത്ത ചേരുവകളും ആകർഷകമായ പായ്ക്കിംഗ് ഡിസൈനുമാണ് ഇവയുടെ പ്രത്യേകതയെന്ന് സി.ഇ.ഒ ജോർജ് ആഞ്ജലോ പറഞ്ഞു. യുവാക്കളെ ലക്ഷ്യമിട്ടാണ് ദയന പുത്തൻ ബ്യൂട്ടി സോപ്പുകൾ അവതരിപ്പിക്കുന്നതെന്ന് മാനേജിംഗ് ഡയറക്ടർ സഞ്ജയ് ഷാ പറഞ്ഞു.

സവിശേഷതകളുമായി സാംസംഗ് ഗാലക്സി നോട്ട് 8

ന്യൂഡൽഹി: സാംസംഗിന്റെ ഗാലക്സി നോട്ട് 8 ഇന്ത്യൻ വിപണിയിലെത്തി. ബിക്സ്ബി ശബ്ദ സാങ്കേതികവിദ്യയും വലിയ സ്ക്രീനുമുള്ള നോട്ട് 8 മിഡ്നൈറ്റ് ബ്ലാക്ക്, മേപ്പിൾ ഗോൾഡ് നിറങ്ങളിൽ ലഭിക്കും. 21 മുതൽ ലഭ്യമാകുന്ന ഫോണിന്റെ വില 67,900 രൂപ.

സാംസംഗ് പേ, സുരക്ഷാ പ്ലാറ്റ്ഫോമായ സാംസംഗ് നോക്സ് തുടങ്ങിയ സവിശേഷതകൾക്കൊപ്പം എസ് - പെൻ, ഡ്യുവൽ ഒപ്ടിക്കൽ ഇമേജ് സ്റ്റെബിലൈസേഷൻ എന്നിവയും ഫോണിന്റെ പ്രത്യേകതകളാണ്. എസ് - പെൻ ഉപയോഗിച്ച് എഴുത്തിലൂടെയും വരയിലൂടെയും ആശയവിനിമയം നടത്താം.

6.3 ഇഞ്ച് ക്വാഡ് എച്ച്.ഡി പ്ലസ് സൂപ്പർ അമോലെഡ് ഇൻഫിനിറ്റി ഡിസ്പ്ലേ, 12 എം.പിയോടു കൂടിയ രണ്ട് പിൻ ക്യാമറകൾ, സെൽഫിക്കും വീഡിയോ ചാറ്റിംഗിനുമായി മുന്നിൽ 8 എം.പി ക്യാമറ, 6 ജിബി റാം, 256 ജിബി വരെ വികസിപ്പിക്കാവുന്ന മെമ്മറി തുടങ്ങിയവയാണ് മറ്റു മികവുകൾ. ന്യൂഡൽഹിയിൽ നടന്ന ചടങ്ങിൽ നോട്ട് 8, സാംസംഗ് സൗത്ത് വെസ്റ്റ് ഏഷ്യാ പ്രസിഡന്റും സി.ഇ.ഒയുമായ എച്ച്.സി. ഹോങ് വിപണിയിലിറക്കി. സാംസംഗ് ഇന്ത്യ മൊബൈൽ ബിസിനസ് സീനിയർ വൈസ് പ്രസിഡന്റ് അസിം വാഴ്സി, ബംഗളൂരു ആർ ആൻഡ് ഡി ഇൻസ്റ്റിറ്റ്യൂഷൻ എം.ഡി. ദീപേഷ് ഷാ തുടങ്ങിവരും പങ്കെടുത്തു.

SCRIP	BSE	NSE
ABB	1385.250	1382.950
ACC	1840.450	1843.750
AMARAJA	781.400	781.050
APOLLOTYRE	259.700	260.000
APPOLOHOS	1071.250	1070.100
ASIANPNT	1252.250	1254.950
AVAYA GLOBAL	133.900	131.650
AXISBANK	498.800	499.300
BAJAJAUTO	2931.250	2934.950
BALAJITELE	161.000	161.200
BHARTI	401.000	401.650
BHEL	132.550	132.350
BIOCON	338.800	338.800
BPCL	500.350	500.200
BRITANNIA	4324.550	4329.950
BSES	515.400	515.650
CANARABANK	340.250	339.900
CEAT	1761.000	1761.000
CENTURY TEXT	1288.850	1289.000
CHENNAIPETRO	438.700	439.400
CIPLA	554.300	554.400
COLGATE	1144.000	1147.500
DABUR	308.000	308.300
DIVIS LAB	829.150	828.250
DRREDDY	2210.100	2217.350
ESCORTS	667.150	667.050
Excel Infoways Ltd	74.800	74.750
FEDERALBNK	113.050	113.050
GAIL	407.450	408.000
GEOJIT	114.800	115.000
GESHIPP	413.850	414.200
GLAXO	2415.300	2417.350
GODREJS	939.300	942.700
GRASIM	1230.000	1229.550
GUJAMBCEM	285.700	285.750
HDFC	1777.300	1778.100
HDFCBNK	1842.600	1841.850
HEROHONDA	3895.500	3893.550
HINDLEVER	1250.750	1250.950
HINDUJAFUN	532.550	529.700
HPCL	457.350	457.500
I-FLEX	3445.700	3443.250
ICICIBANK	291.950	292.000
INFOSYS	883.550	883.750
INFOTECH ENT	525.900	524.250
KALECONSULT	1394.150	1381.550
KARUR VYSYA BANK	151.200	150.400
KOTAKM	1019.600	1020.150
L&T	1222.750	1223.350
LICHSGFIN	660.300	660.500
M&M	1304.350	1307.350
Mahindra Holidays	350.750	349.400
MARUTI	8121.050	8122.600
MCDOWEL	2655.650	2656.200
MRF	64425.100	64334.300
NAICHOLAS	2755.850	2757.800
NATHSEED	9.680	0.000
NEYBELI	95.400	95.550
NHPC Ltd	28.700	28.800
Oil India Ltd (OIL)	323.600	323.500
ONGC	161.200	161.050
ONWARDTECI	133.050	133.500
PANACEABIO	241.050	240.900
PETRONET	234.150	234.700
PFIZER	1847.200	1849.750
RAMCOSYS	402.000	403.700
RELCAP	753.900	754.300
RELIANCE	849.100	849.000
ROLTA	58.800	58.750
RUBFILA INTL [BSE]	90.200	0.000
SAB	134.950	134.200
SARIGAMA	473.350	473.400
SBI	273.350	273.400
SIEMENS	1337.100	1335.300
SKFBEAR	1561.900	1562.950
SMITHKLC	5091.700	5109.850
STROPTICAL	225.150	225.750
SUNPHARMA	502.950	503.350
SYNDIBANK	66.350	66.300
Tata Communications	683.450	684.400
TATACHEM	636.300	636.350
TATAELXSI	1817.500	1815.300
TATAPOWER	84.800	84.800
TATATEA	207.000	207.300
TCS	2488.100	2489.200
TELCO	389.800	389.650
THERMAX	898.550	897.700
THMCOOK	241.600	241.800
TIPSINDIA	71.550	71.350
TISCO	679.700	679.650
TITANIND	630.500	630.300
TRIGYNTECH	93.750	93.150
UCOBANK	31.350	31.300
UNICHEMLAB	247.850	248.400
VESUVIUS	1384.600	1392.200
Vguard	193.800	194.000
VOLTAS	549.050	549.200
WIPRO	296.050	295.900
WONDERLA	353.100	351.450
ZEETELE	532.450	532.700

വിനിമയനിരക്ക്

കറൻസി	സെൽ	ബയിംഗ്
ഡോളർ	64.05	63.96
യൂറോ	76.73	76.65
പൗണ്ട്	85.00	84.91
സ്വിസ്ഫ്രാങ്ക്	66.73	66.63
സിംഗപ്പൂർ ഡോളർ	47.60	47.51
ആസ്ട്രേലിയ ഡോളർ	51.45	51.38
കനേഡിയൻ	52.71	52.63
ബഹ്റിൻ ദിനാർ	169.72	
കുവൈറ്റ് ദിനാർ	212.25	
ഒമാനി റിയാൽ	166.10	
സൗദി റിയാൽ	17.06	
യു. എ. ഇ. ദിർഹം	17.42	
ഖത്തർ റിയാൽ	17.57	

കമ്പോളനിലവാരം

കൊച്ചി

വെളിച്ചെണ്ണ മില്ലിംഗ്	17,000
വെളിച്ചെണ്ണ	16,400
കൊപ്ര	10980-12,000
പിണ്ണാക്ക്എക്സ്പെല്ലർ	2450
പിണ്ണാക്ക്റോട്ടറി	2500
കുരുമുളക്	
ചേറാത്തത്	45,300
പുതിയത്	44,800
കുരുമുളക്ചേറിയത്	47,300
ചുക്ക്മീഡിയം	10,500
ചുക്ക്ബെസ്റ്റ്	12,750
മഞ്ഞൾ	11,500
സേലം-ഈറോഡ്	8700-9600
കാഞ്ഞിരക്കുഴ	1850
അടയ്ക്ക	
പുതിയത്	18,000-19,000
അടയ്ക്കപഴയത്	ഇല്ല
പഞ്ചസാര	4200
വറ്റൽമുളക്	6500-15,000
ഉഴുന്ന്	7800-8700
ചെറുപയർ	6500-7000
കടല	6,900-7,500
മുതിര	6900
എള്ള്	11,000
മല്ലി	6,500-12,000
പച്ചരി നമ്പർ-2	2600
പുഴക്കലരി(ജയ)	3800-3900
ജാതിക്കതൊണ്ടൻ	160-180
തൊണ്ടില്ലാത്തത്	300-330
ജാതിപത്രി	350-525
ഗ്രാമ്പു	680
പാംഓയിൽ	6150
പൈനാപ്പിൾ	
പച്ച	21.00
പച്ച (സ്പെഷ്യൽ)	22.00
പഴം	22.00
റബർ	
ആർഎസ്എസ്4	13,500
ആർഎസ്എസ്-5	12,700-13,200
ഒട്ടുപാൽ	8800
ലാറ്റക്സ്	8300

ആലപ്പുഴ

ആലപ്പുഴമാർക്കറ്റ്

വെളിച്ചെണ്ണ	14600
പിണ്ണാക്ക്	2400
കൊപ്ര	9600
,,	9650
,,	9700

കോട്ടയം

കമ്പോളനിലവാരം

വ്യാപാരിവില	
ആർ.എസ്.എസ്4	132.50
ആർ.എസ്.എസ്5	129.00
തരംതിരിക്കാത്തത്	117.00
ഒട്ടുപാൽ	79.00
റബർ ബോർഡ്	
ആർ.എസ്.എസ്4	13550
ആർ.എസ്.എസ്5	13250
തരംതിരിക്കാത്തത്	11900
ഒട്ടുപാൽ	8350
ബാങ്കോക്ക്	
ആർ.എസ്.എസ്1	12571
ആർ.എസ്.എസ്2	12455
ആർ.എസ്.എസ്3	12348
ആർ.എസ്.എസ്4	12291
ആർ.എസ്.എസ്5	12204
കോലാലമ്പൂർ (ബ്രായ്ക്കറ്റിൽ ഡോളർ വില)	
എസ്. എം.ആർ 20	10897 (170.40)
60% ലാറ്റക്സ്	9090 (142.15)
വെളിച്ചെണ്ണ	18300
കൊപ്ര	12000
ശർക്കര (മറയൂർ)	7400
ശർക്കര (പാണ്ടി)	5800

തൃശൂർ

മാർക്കറ്റ്

വെളിച്ചെണ്ണ	16600
കൊപ്ര	11135
തേങ്ങപിണ്ണാക്ക്	2450
എള്ളിൻപിണ്ണാക്ക്	3100
നല്ലെണ്ണ	2175
കടലെണ്ണ	2275
അടയ്ക്ക കൊക്കാലെ	
പുതിയത്	4100-4500
പഴയത്	4000-4200
രണ്ടാംതരം	2800-3000
അമല	
പുതിയത്	4000-4610
പഴയത്	4000-4550
രണ്ടാംതരം	2500-3000
അടയ്ക്ക പഴഞ്ഞി	
പുതിയത്	4000-4500
രണ്ടാംതരം	2000-3000

നെടുമങ്ങാട്

കമ്പോളനിലവാരം

കുരുമുളക്	450(കിലോ)
കൊട്ടപ്പാക്ക്	160(,,)
റബ്ബർ	117(,,)
ഒട്ടുപാൽ	70(,,)
ജാതിക്ക	140(,,)
ജാതിപരിപ്പ്	250(,,)
ജാതിപത്രി	400(,,)
ഗ്രാമ്പു	500(,,)
കാപ്പിപരിപ്പ്	100(,,)
കൊക്കോ	8(,,)
തേങ്ങ	36(,,)
തങ്കം	
തിരുവനന്തപുരം	27700
ആലപ്പുഴ	27700
സ്വർണം	
കൊച്ചി(8ഗ്രാം)	22,480
ഒരുഗ്രാം	2810
വെള്ളി	
തിരുവനന്തപുരം	43000
കൊച്ചി	43000

ആസ്റ്ററിന് ഗൾഫ് ബിസിനസ് പുരസ്കാരം

ALTHCARE COMPANY OF TH
Aster H thcare

ഗൾഫ് ബിസിനസ് അവാർഡ് -2017 ആസ്റ്റർ ഡി.എം ഹെൽത്ത് കെയർ കെയർ ഹോസ്പിറ്റൽ ആൻഡ് ക്ലിനിക്സ് ജി.സി.സി സി.ഇ.ഒ അലീഷാ മൂപ്പൻ ഏറ്റുവാങ്ങുന്നു

കൊച്ചി: ആരോഗ്യപരിപാലന രംഗത്തെ മികച്ച സ്ഥാപനത്തിനുള്ള 'ഗൾഫ് ബിസിനസ് അവാർഡ്-2017' ആസ്റ്റർ ഡി.എം ഹെൽത്ത് കെയർ കരസ്ഥമാക്കി. ദുബായിൽ നടന്ന ചടങ്ങിൽ ആസ്റ്റർ ഡി.എം. ഹെൽത്ത് കെയർ ഹോസ്പിറ്റൽ ആൻഡ് ക്ലിനിക്സ് ജി.സി.സി സി.ഇ.ഒ അലീഷാ മൂപ്പൻ പുരസ്കാരം ഏറ്റുവാങ്ങി. സ്വതന്ത്രമായ ജഡ്ജിംഗ് പാനലും പൊതു വോട്ടിംഗും വഴിയാണ് കോർപറേറ്റ് രംഗത്തെ മികവിനെ അളക്കുന്ന ഗൾഫ് ബിസിനസ് അവാർഡ് ജേതാക്കളെ കണ്ടെത്തുന്നത്.

ആസ്റ്റർ 30-ാം വാർഷികം ആഘോഷിക്കുന്ന വേളയിൽ ലഭിച്ച പുരസ്കാരം അഭിമാനം നൽകുന്നതാണെന്ന് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ. ആസാദ് മൂപ്പൻ പറഞ്ഞു. ഒമ്പത് രാജ്യങ്ങളിലായി 20,000 ജീവനക്കാർക്കു ലഭിച്ച അംഗീകാരമായും നേട്ടത്തെ കാണുന്നുവെന്ന് അദ്ദേഹം പറഞ്ഞു.

ശാസ്ത്രകൗമുദി

ടാറ്റൂ നിങ്ങളെ രോഗിയാക്കും, വലിയ രോഗി

കഴുത്തിൽ പറക്കുന്ന പൂമ്പാറ്റയും തോളിലെ വലിയ വ്യാളിയുമൊക്കെ ടാറ്റൂ പ്രിയരുടെ ഇഷ്ടം പിടിച്ച് പറ്റിയവയാണ്. സ്വത്വരാഷ്ട്രീയവും ഫെമിനിസവും ഒക്കെ വെളിപ്പെടുത്താൻ പറ്റിയ മാർഗങ്ങളായി ടാറ്റൂവിനെ കാണുന്നവരുമുണ്ട്. എന്നാൽ, ഇത്തരത്തിലെ വലിയ ടാറ്റൂ ചിഹ്നങ്ങൾ പതിപ്പിക്കുന്നത് ശരീരത്തിനെ ദോഷകരമായി ബാധിക്കുമെന്നാണ് ചർമ്മരോഗ വിദഗ്ദ്ധരുടെ അഭിപ്രായം. മാത്രമല്ല, സ്ഥിരമായ ടാറ്റൂ പ്രയോഗം രോഗ പ്രതിരോധശേഷിയെപ്പോലും കാര്യമായി ബാധിക്കുന്നതാണെന്നും പറയപ്പെടുന്നു.

ടാറ്റൂ ചെയ്യാനുപയോഗിക്കുന്ന മഷിയോടൊപ്പമുള്ള വിഷമയമായ പദാർത്ഥങ്ങൾ ശരീരത്തിലെത്തുന്നതോടെയാണ് ടാറ്റൂ ആരോഗ്യത്തിന് വില്ലനാകുന്നത്. നിക്കൽ, ക്രോമിയം, മാംഗനീസ്, കൊബാൾട്ട് തുടങ്ങിയവയും ടാറ്റൂ പതിക്കുന്നതിലൂടെ ശരീരത്തിനുള്ളിലെത്തും. ജേർണൽ സയന്റിഫിക് റിപ്പോർട്ട്സിലാണ് ഇത് സംബന്ധിച്ച ഗവേഷണ പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചിരിക്കുന്നത്.

കൗമുദി ടിവി

6.00 ഡിവോഷണൽ സോംഗ്	11.35 പുതിയ പാട്ട്
6.26 am, pm ദൈവദശകം	1.00 ഡ്രീം ഡ്രൈവ്
7.30 പ്രണവം	1.35 താരപ്പകിട്ട്
8.00 സ്നേക്ക് മാസ്റ്റർ	2.35 ലേഡീസ് അവർ
8.30 ന്യൂസ് ട്രാക്ക്	3.35 ഹരിതം സുന്ദരം
9.30 സ്ട്രെയ്റ്റ് ലൈൻ	4.00 ഹാസ്യരസം
10.35 സ്വയംവരം	4.35 ഓ മൈ ഗോഡ്
11.00 ഫിലിം ബോക്സ്	5.00 നേർക്കണ്ണ്

MEDIMIX
ദേവാമൃതം
Powered by
SEAGULL
MON TO FRI
6:30AM
6:35PM

ഡിഡി മലയാളം
7.00 കൃഷിദർശൻ
8.00 മേഘരാഗം

ഡിഡി കേരളം
11.30 കൃഷിദർശൻ
2.00 മാജിക്കൽ ഫിങ്കേഴ്സ്
8.30 ചാറ്റ്ഷോ
10.30 ചായക്കൂട്ട്
11.00 ഗാനശ്യാമസന്ധ്യ

ഏഷ്യാനെറ്റ്
6.00 വേഴാമ്പൽ
6.30 ചെമ്പട്ട്
7.00 വാനമ്പാടി

ന്യൂസ്
8.00 വാർത്താപ്രഭാതം
8.30 ചുറ്റുവട്ടം
12.30 ലോകജാലകം
2.30 ഡോ. ലൈവ്

ഏഷ്യാനെറ്റ് പ്ലസ്
9.00 ഫൈവ്സ്റ്റാർ തട്ടുകട
9.30 ചിരിക്കും തളിക
10.00 മൗനം സമ്മതം

HBO
06:00am Almost Heroes
07:20 Speed Racer
09:43 The Master
11:23 Jack the Giant Slayer
01:23 The Italian Job
03:18 green Lantern
05:19 10,000 BC
07:14 The Hangover Part II
09:00 The Dark Knight Rises

STAR MOVIES
07:59 Terminator 3: Rise of the Machines
10:09 Babys Day Out
12:08 Dragonball: Evolution
01:46 Predator
03:56 Chinese Zodiac

സിനിമ

ഏഷ്യാനെറ്റ് എച്ച്ഡി: 9.00 മഹാരാജ ടാക്കീസ്

ഏഷ്യാനെറ്റ് മൂവീസ്: 7.00 ഡ്യൂപ്ലിക്കേറ്റ് 10.00 റാംജി റാവു സ്പീക്കിംഗ് 1.00 ഉദയനാണ് താരം 4.00 ഭാര്യ അത്ര പോര 7.00 ഇടനിലങ്ങൾ 10.00 ജൂനിയർ മാൻഡ്രേക്ക്

ഏഷ്യാനെറ്റ്: 9.00 നോട്ട്ബുക്ക്

ഏഷ്യാനെറ്റ് പ്ലസ്: 12.00 ഷേക്സ്പിയർ എം.എ മലയാളം

കിരൺ: 7.30 അവൻ 10.30 കാറ്റ് വന്ന് വിളിച്ചപ്പോൾ 1.30 മാമാങ്കം 4.00 വാൽക്കണ്ണാടി 7.00 ഓഗസ്റ്റ് 1 10.00 നമ്പർ 66 മദ്രാസ് മെയിൽ

മഴവിൽ മനോരമ: 1.00 റോമിയോ ആൻഡ് ജൂലിയറ്റ്

ജുക്ക്ബോക്സ്: 6.30 രാക്ഷസരാജാവ്

എസിവി: 9.00 ദ്വിഗ്‌വിജയം 2.00 പ്രജ 9.30 നിറം

റോസ്ബൗൾ: 10.00 ദി സ്പൈ ഹു ലവ്ഡ് മീ

കൈരളി: 1.15 റിഥം

വി: 12.30 വേതാളം 9.00 ദേവാസുരം

ANIMAL PLANET
09:00am African Cats Adventure
09:30 African Cats Adventure
10:00 Animal Planet

Select
11:00 Yeh Mera India
12:00 Lions Week
01:00 Jaws and Claws
02:00 Yeh Mera India
03:00 African Cats

SONY PIX
07:57am John Carter
10:54 The Angry Birds Movie
12:59 Battleship
03:20 Apocalypto

നിങ്ങളുടെ ഇന്ന്

കൂറുകളുടെ അടിസ്ഥാനത്തിൽ (2017 സെപ്തംബർ 14 വ്യാഴം)

മേടം: *(അശ്വതി, ഭരണി, കാർത്തിക ആദ്യ കാൽ ഭാഗം വരെ)*
വിദഗ്ദ്ധ നിർദ്ദേശം സ്വീകരിക്കും, പുതിയ പ്രവർത്തനരീതി, ലക്ഷ്യപ്രാപ്തി നേടും.

ഇടവം: *(കാർത്തിക അവസാന മുക്കാൽ ഭാഗം രോഹിണി, മകയിരം ആദ്യപകുതി വരെ)*
ആഘോഷങ്ങളിൽ പങ്കെടുക്കും. കൃത്യനിർവഹണത്തിൽ നേട്ടം, ഉദ്യോഗത്തിൽ ഉയർച്ച.

മിഥുനം: *(മകയിരം രണ്ടാം പകുതി ഭാഗം, തിരുവാതിര, പുണർതം ആദ്യം മുക്കാൽ ഭാഗം)*
മാതാപിതാക്കൾക്ക് സന്തോഷം നൽകും. വ്യവസായം നവീകരിക്കും. യാഥാർത്ഥ്യങ്ങളോടു പൊരുത്തപ്പെടും.

കർക്കടകം: *(പുണർതം അവസാന കാൽ ഭാഗം, പൂയം, ആയില്യം)*
ചർച്ചകൾ വിജയിക്കും, ആത്മവിശ്വാസം വർദ്ധിക്കും, വിശ്വസ്ത സേവനം.

ചിങ്ങം: *(മകം, പൂരം, ഉത്രം കാൽഭാഗം)*
ദേവാലയ ദർശനം, പ്രശസ്തി പത്രം ലഭിക്കും, അസുഖങ്ങൾക്ക് ചികിത്സ തേടും.

കന്നി: *(ഉത്രം അവസാന മുക്കാൽഭാഗം, അത്തം, ചിത്തിര ആദ്യ പകുതി ഭാഗം)*
ആഗ്രഹങ്ങൾ സാധിക്കും. പുതിയ ആശയങ്ങൾ നടപ്പാക്കും, വിദ്യാ പുരോഗതി.

തുലാം: *(ചിത്തിര രണ്ടാം പകുതി, ചോതി, വിശാഖം ആദ്യപകുതി)*
പ്രായോഗിക വിജ്ഞാനമുണ്ടാകും, പ്രവർത്തന ക്ഷമത വർദ്ധിക്കും, ഉദ്യോഗത്തിൽ മാറ്റം.

വൃശ്ചികം: *(വിശാഖം അവസാന കാൽ ഭാഗം, അനിഴം, തൃക്കേട്ട)*
പുതിയ ഭരണ സംവിധാനം, കാര്യവിജയം, കാര്യങ്ങൾ ലളിതമായി അവതരിപ്പിക്കും.

ധനു: (മൂലം, പൂരാടം, ഉത്രാടം 15 നാഴിക)
ക്ഷമാശീലം വർദ്ധിക്കും, അർഹമായ അംഗീകാരം, ദേവാലയ ദർശനം.

മകരം: *(ഉത്രാടം അവസാന മുക്കാൽ ഭാഗം, തിരുവോണം, അവിട്ടം- ആദ്യ പകുതി).*
ധർമപ്രവൃത്തികൾ ചെയ്യും, പുരോഗമന കാര്യങ്ങളിൽ സഹകരണം, വിദ്യാഭ്യാസപരമായി ഉയർച്ച.

കുംഭം: *(അവിട്ടം 30 നാഴിക, ചതയം, പൂരുരുട്ടാതി, 45 നാഴിക)*
ആത്മാർത്ഥമായ പ്രവർത്തനം, സൗമ്യ സമീപനം, രാഷ്ട്രീയ പ്രവർത്തനങ്ങൾക്ക് നേട്ടം.

മീനം: *(പൂരുരുട്ടാതി അവസാന കാൽ ഭാഗം, ഉത്രട്ടാതി, രേവതി).*
പ്രശ്നങ്ങൾക്ക് പരിഹാരം, അധിക ചെലവുകൾ ഉണ്ടാകും, ഉത്സവാഘോഷങ്ങളിൽ പങ്കെടുക്കും.

- ഗോപകുമാർ ശർമ്മ